- പത്രവാർത്ത -

# മൂന്നാർ ലാൻഡ്സ്കേപ്പിൽ വരയാടുകളുടെ കണക്കെടുപ്പ് ആരംഭിച്ചു

**മൂന്നാർ:** ഇരവികുളം ദേശീയോദ്യാനത്തിൽ വരയാടുകളുടെ കണക്കെടുപ്പ് ഈ മാസം 6, 21 എന്നീ തീയതികളിൽ ആരംഭിക്കുവാൻ തീരുമാനിച്ചുവെങ്കിലും കനത്ത മഴയും പ്രതികൂല സാഹചര്യങ്ങളും മൂലം മേൽ തീയതികളിൽ നടത്തുവാൻ സാധിച്ചില്ല. എന്നാൽ വരയാടുകളുടെ കണക്കെടുപ്പ് മെയ് മാസം തന്നെ പൂർത്തിയാക്കേണ്ടതുള്ളതുകൊണ്ട് ഈ മാസം 24 വ്യാഴാഴ്ച മുതൽ കണക്കെടുപ്പ് ആരംഭിച്ചു. 97 ചതുരശ്ര കിലോമീറ്ററിലുള്ള ഇരവികുളം ദേശിയോദ്യാനത്തിൽ 13 ബ്ലോക്കുകളായിട്ടാണ് കണക്കെടുപ്പ് നടക്കുന്നത്. കൂടാതെ മൂന്നാർ ലാൻഡ്സ്കേപ്പിൽ വരയാടുകളുടെ സാന്നിധ്യമുള്ള മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലെ ചിന്നാർ വന്യജീവി സങ്കേതത്തിലും, ഷോലാ നാഷണൽ പാർക്കിലും, മൂന്നാർ ടെറിട്ടോറിയൽ, മറയൂർ, മാങ്കുളം എന്നീ ഡിവിഷനുകളിലെ 17 ബ്ലോക്കുകളിലും കണക്കെടുപ്പ് നടത്തുന്നുണ്ട്. ഈ രംഗത്ത് പ്രവർത്തി പരിചയമുള്ള വനംവകുപ്പിലെ ജീവനക്കാരാണ് ഓരോ ബ്ലോക്കുകൾക്കും നേതൃത്വം നൽകുന്നത്. ഒമ്പതുവർഷത്തോളമായി വരയാടുകണക്കെടുപ്പിൽ പങ്കെടുത്ത് പരിചയമുള്ള എൻ.ജി.ഒ.സും, കേരള ഫോറസ്റ്റ്ട്രി കോളേജിലെ വിദ്യാർത്ഥികളും ഉൾപ്പെടുന്ന വോളണ്ടിയർമാരാണ് കണക്കെടുപ്പിൽ പങ്കെടുക്കുന്നത്.

മൂന്നാർ വന്യജീവി ഡിവിഷനിൽ വച്ച് നടന്ന ഉത്ഘാടന യോഗത്തിൽ മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ അധ്യക്ഷത വഹിച്ചു. ഇരവികുളം അസി. വൈൽഡ് ലൈഫ് വാർഡൻ യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. വരയാട് സെൻസെസിൽ പങ്കെടുക്കുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കും, വോളണ്ടിയേഴ്സിനും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ ബയോളജിസ്റ്റ് വിശദമായ ആമുഖ ക്ലാസ് നൽകി. 5 ദിവസം നീണ്ടു നിൽക്കുന്ന വരയാടിന്റെ കണക്കെടുപ്പ് ഈ മാസം 30 ബുധനാഴ്ച സമാപിക്കും.